# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN: U40100KL2011SGC027424

രജി : ഓഫീസ്- വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004 Website: www.kseb.in

വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004

ഫോൺ (O):+91 471 2514283 E-mail: dgekseb@kseb.in


## സംഗ്രഹം

ഉത്പാദന നിലയങ്ങൾ /നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന നിലയങ്ങൾ എന്നിവിടങ്ങളിൽ പൊതു സ്ഥലം മാറ്റം നടത്തുമ്പോൾ പ്രാവർത്തികമാക്കേണ്ട കരട് നയം – അംഗീകാരം നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

## കോർപ്പറേറ്റ് ഓഫീസ് (എസ്.ബി.യു-ജി/ഇ)

ബോർഡ് ഓർഡർ(എഫ്.ടി.ഡി.) നം.344/2021 (ഡി.ജി.ഇ./ജി3/ജനറൽ /2021-22) തിരുവനന്തപുരം തീയതി:06-05-2021

പരാമർശം:-

1. ഡയറക്ടർ (ജനറേഷൻ-ഇലക്ട്രിക്കൽ &എസ്.സി.എം.) ന്റെ 17-02-2021 തീയതിയിൽ എഫ്.ടി.ഡി മുൻപാകെ സമർപ്പിച്ച ഡി.ജി.ഇ./ജി3/ജനറൽ /2021-22 നമ്പർ കുറിപ്പും അതിൽ അനുബന്ധമായി ചേർത്തിരുന്ന കരട് നയവും.
2. എഫ്.ടി.ഡി നിർദ്ദേശപ്രകാരം, ബോർഡിലെ ജീവനക്കാരുടെയും ഓഫീസർമാരുടെയും സംഘടനകളുമായി 16-04-2021 – ൽ ഡയറക്ടർ (ജനറേഷൻ -ഇലക്ട്രിക്കൽ & എസ്.സി.എം.) നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്തി തയാറാക്കിയിട്ടുള്ള കരട്നയം
3. ഡയറക്ടർ (ജനറേഷൻ-ഇലക്ട്രിക്കൽ &എസ്.സി.എം.) ന്റെ , 22-04-2021 തീയതിയിൽ എഫ്.ടി.ഡി മുൻപാകെ സമർപ്പിച്ച ഡി.ജി.ഇ./ജി3/ജനറൽ /2021-22 നമ്പർ കുറിപ്പ് (അജണ്ട 64/4/21).

## ഉത്തരവ്

കെ.എസ്.ഇ.ബി. യുടെ ഏതാണ്ട് എല്ലാ ഉത്പാദന നിലയങ്ങളിലും വളരെക്കാലം ജോലി ചെയ്ത് മതിയായ പ്രവൃത്തി പരിചയമുള്ള ധാരാളം ജീവനക്കാർ അടുത്ത കാലങ്ങളിലായി വിരമിക്കുകയുണ്ടായി.പ്രസ്തുത ജീവനക്കാർക്ക് വിരമിക്കുന്നതിനു മുൻപ് തന്നെ ഈ മേഖലയിൽ അവർ കൈവരിച്ചസാങ്കേതിക പരിജ്ഞാനം മറ്റുള്ളവരിലേക്ക് കൈമാറ്റം ചെയ്യുന്നതിന് പലപ്പോഴും കഴിയാത്തത് മൂലം പരിചയ സമ്പന്നരായ ജീവനക്കാരുടെ അഭാവം സംജാതമാവുകയും അത് മിക്കവാറും എല്ലാ നിലയങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. ഉത്പാദന നിലയങ്ങളിൽ വളരെക്കാലം ജോലി ചെയ്തു പരിചയം സിദ്ധിച്ച ജീവനക്കാരെ കൂട്ടത്തോടെ സ്ഥലം മാറ്റുന്നതും ,സ്ഥലം മാറ്റം കിട്ടി ഉൽപ്പാദന നിലയങ്ങളിലേക്ക് വരുന്ന ജീവനക്കാർ ഒരു വർഷത്തിനകം തന്നെ തിരികെ മാറിപ്പോകുന്നതും നിലയങ്ങളുടെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.നിലയങ്ങളിൽ ഓപ്പറേഷൻ ,മെയിന്റനൻസ് എന്നീ വിഭാഗങ്ങളിൽ ജോലി നോക്കുന്ന എൻജിനീയർമാരുടെയും മറ്റ് ജീവനക്കാരുടെയും , അതതു നിലയങ്ങളിൽഉള്ള പ്രവൃത്തി പരിചയം സംബന്ധിച്ച വിവരങ്ങൾ പരാമർശം(3) പ്രകാരം വിശദമായി സമർപ്പിച്ചിരുന്നു.

പ്രധാനപ്പെട്ട ഉത്പാദന നിലയങ്ങളിൽ ഓപ്പറേഷൻ (ഷിഫ്റ്റ്) വിഭാഗത്തിൽ ഓപറേറ്റർ /ജൂനിയർ ഓപ്പറേറ്റർ ആയി ജോലി നോക്കുന്ന ഏകദേശം മുഴുവൻ പേരും തന്നെ പുതിയതോ ,ഒരു വർഷമോ അതിൽ താഴെയോ മാത്രം പ്രസ്തുത വിഭാഗത്തിൽ പ്രവൃത്തി പരിചയം ഉള്ളവരാണെന്ന് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു.. ഉത്പാദന നിലയങ്ങളിൽ സാധാരണയായി പരിശീലനം നൽകിയാണ് പ്രസ്തുത ജോലികൾ ഉദ്യോഗസ്ഥരെ ഏല്പിക്കുന്നത്.എന്നാൽ ,പ്രസ്തുത പരിശിലനം നൽകുന്നത് ഒരു വർഷം മുൻപ് മാത്രം ടി നിലയത്തിലേക്ക്സ്ഥലം മാറി വന്നതും നിലയത്തിൽ വേണ്ടത്ര പ്രവർത്തനപരിചയമില്ലാത്തവരുമായ ഉദ്യോഗസ്ഥരാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഉത്പാദന നിലയങ്ങളിൽ അറ്റകുറ്റപണികൾ ചെയ്യുന്നതിന് വർക്ക്മെൻ വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പരിചയ സമ്പന്നത ഒരു അനിവാര്യമായ ഘടകമാണ്. മിക്ക നിലയങ്ങളിലും മതിയായ പ്രവൃത്തി പരിചയമുള്ള സ്ഥിരം ജിവനക്കാരുടെ അഭാവം മൂലം കരാർ നൽകിയോ ,കരാർ തൊഴിലാളികൾ മുഖേനയോ ജോലികൾ ചെയ്യിക്കുന്ന രീതിയാണ് നിലവിലുള്ളത്.

നമ്മുടെ സംസ്ഥാനത്തിന്റെ ദൈനംദിന വൈദ്യുതിയുടെ ആവശ്യകത നിറവേറ്റുന്നതിൽ ആഭ്യന്തര ജലവൈദ്യുത പദ്ധതികൾക്കുള്ള പങ്ക് വളരെ വലുതാണ്.15 വൻകിട ജലവൈദ്യുത പദ്ധതികളും 23 ചെറുകിട ജലവൈദ്യുത പദ്ധതികളുമാണ് ഇപ്പോൾ നിലവിലുള്ളത് .ആയതുകൊണ്ട് തന്നെ പ്രസ്തുത ജലവൈദ്യുത പദ്ധതികളുടെ സുഗമവും സുരക്ഷിതവുമായ പ്രവർത്തനങ്ങൾക്കും പരിപാലനത്തിനുമായി ഉത്പാദന മേഖലയിൽ വൈദഗ്ധ്യവും കാര്യക്ഷമതയും സാങ്കേതിക പരിജ്ഞാനവും പ്രവൃത്തി പരിചയവും ഉള്ള ജീവനക്കാരുടെ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്.ഉത്പാദന നിലയങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവശ്യം വേണ്ട സാങ്കേതിക പരിജ്ഞാനം ഓരോ നിലയങ്ങളിലും വ്യത്യസ്തമാകയാൽ , ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച് ഒരു പ്രത്യേക കാഴ്ചപ്പാടുണ്ടാകേണ്ടത് നിലയങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അത്യന്താപേക്ഷിതമാണ്.ട്രാൻസ്മിഷൻ/ഡിസ്ട്രിബ്യൂഷൻ എന്നീ മേഖലകളിലും , ഇതര സാങ്കേതിക മേഖലകളിലും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്ന അതേ രീതി വൈദ്യുതോൽപാദന മേഖലയിൽ തുടരുന്നത് ടി മേഖലയെ സംബന്ധിച്ചിടത്തോളം അഭികാമ്യവുമല്ല.

ഉത്പാദന നിലയങ്ങളിൽ ഓപ്പറേറ്റർമാരായി മതിയായ കാലയളവിൽ ജോലി നോക്കാൻ ഉദ്യോഗസ്ഥർക്ക് സമ്മതമല്ലാത്ത പക്ഷം ,നിലവിൽ ചെറുകിട വൈദ്യുത പദ്ധതികളിൽ ചെയ്യുന്നത് പോലെ ഓപ്പറേഷൻ,മെയിന്റനൻസ് വിഭാഗങ്ങളിൽ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരുടെ അഭാവം ഉണ്ടാകുന്ന പക്ഷം ,നിലയങ്ങളുടെ വാർഷിക അറ്റകുറ്റപണികളും കരാർ അടിസ്ഥാനത്തിൽ നൽകേണ്ട അവസ്ഥ സംജാതമാകും.ഉത്പാദന നിലയങ്ങളിൽ പൊതു സ്ഥലം മാറ്റം നടത്തുമ്പോൾ പ്രാവർത്തികമാക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ കരട്, ചീഫ് പേർസണൽ ഓഫീസർ മുഖാന്തിരം ബോർഡിലെ അംഗീകൃത സംഘടനകൾക്ക് നൽകി അഭിപ്രായം സ്വരൂപിച്ചു കൊണ്ട് പരിഷ്കരിച്ച കരട് എഫ്.ടി.ഡി മുൻപാകെ സമർപ്പിക്കുകയും, എഫ്.ടി.ഡി നിർദ്ദേശ പ്രകാരം വീണ്ടും സംഘടനകളുമായി ചർച്ച നടത്തുകയും ,ചർച്ചയിൽ ഉയർന്നു വന്ന അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയ കരട് അനുബന്ധമായി ചേർത്ത് അംഗീകാരത്തിനായി പരാമർശം (3) പ്രകാരം വീണ്ടും സമർപ്പിക്കുകയുമുണ്ടായി .23-04-2021 ൽ കൂടിയ എഫ്.ടി.ഡി, **മീറ്റിംഗിൽ മേൽ വിഷയം വിശദമായി ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ അംഗീകരിച്ചു.**

1. കെ.എസ്.ഇ.ബി.എൽ- ന്റെ ഉത്പാദന മേഖലയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ (വർക്ക്മെൻ & ഓഫീസർ) 2021-മുതലുള്ള പൊതു സ്ഥലം മാറ്റം/സ്ഥാനക്കയറ്റം നടത്തുമ്പോൾ , അനുബന്ധത്തിൽ വിവരിക്കുന്ന കരട് നയം കൂടി ഉൾപ്പെടുത്തി നിലവിലുള്ള ഗൈഡ് ലൈൻസ് പരിഷ്കരിക്കുവാൻ ചീഫ് പേർസണൽ ഓഫീസറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.
2. മേൽപ്പറഞ്ഞ നയം കൂടി ഉൾപ്പെടുത്തിയ പൊതു സ്ഥലം മാറ്റത്തിന്റെ ഗൈഡ് ലൈനിന്റെ കരട് എല്ലാ തൊഴിലാളി സംഘടനകൾക്കും ഓഫീസർ സംഘടനകൾക്കും നൽകിയ ശേഷമേ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാവൂ എന്നും തീരുമാനിച്ചു.
3. പരിഷ്കരിച്ച ഗൈഡ് ലൈൻ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിനും, ഇത് സംബന്ധിച്ച് ഓൺലൈൻ സോഫ്റ്റ്‌വെയറിൽ അവശ്യം വേണ്ട മാറ്റങ്ങൾ വരുത്തുന്നതിനും ചീഫ് എൻജിനീയർ (എച്ച്.ആർ.എം.)-നെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

മേൽ തീരുമാനങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഫുൾടൈം ഡയറക്ടർ മാരുടെ ഉത്തരവ് പ്രകാരം,,

ഒപ്പ്/-

**(ലേഖ .ജി )**
കമ്പനി സെക്രട്ടറി
(ഇൻ -ചാർജ് .)

സ്വീകർത്താവ്:-

1. ചീഫ് എൻജിനീയർ (എച്ച്.ആർ.എം.)-(for implementation)
2. ചീഫ് എൻജിനീയർ (ജനറേഷൻ & പി.ഇ.ഡി.),മൂലമറ്റം.
3. ചീഫ് പേർസണൽ ഓഫീസർ ,കെ.എസ്.ഇ.ബി.ലിമിറ്റഡ് -(for further necessary action)

പകർപ്പ് :-

1. ചീഫ് ഇന്റേണൽ ആഡിറ്റർ
2. കമ്പനി സെക്രട്ടറി (ഇൻ -ചാർജ് .)
3. ചെയർമാൻ& മാനേജിംഗ് ഡയറക്ടർ / ഡയറക്ടർ (ജി-ഇ.& എസ്.സി.എം.)/ ഡയറക്ടർ(ടി.എസ്.ഓ.)/ ഡയറക്ടർ (ഡി.ഐ.ടി.& എച്ച്.ആർ.എം.)/ ഡയറക്ടർ(ജി-സി)/ ഡയറക്ടർ(പി& എസ്)എന്നിവരുടെ ടെക്ക്നിക്കൽ അസിസ്റ്റന്റ് മാർ
4. സ്റ്റോക്ക് ഫയൽ

60
11/5/21

അജ്ഞാനുസരണം

12/5/21

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ

**അനുബന്ധം**

**ഉത്പാദന നിലയങ്ങൾ /നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന നിലയങ്ങൾ എന്നിവിടങ്ങളിൽ ഉദ്യോസ്ഥരുടെ (വർക്ക്മെൻ & ഓഫീസർ) പൊതു സ്ഥലം മാറ്റം നടത്തുമ്പോൾ പ്രാവർത്തികമാക്കേണ്ട കരട് നയം.**

I. സ്ഥലം മാറ്റം/നിയമനം

1. 50% ഉദ്യോഗസ്ഥരെ എല്ലാ ഉത്പാദന നിലയങ്ങളിലും നിലനിർത്തേണ്ടതാണ്. ബാക്കി 50% പേർക്ക് പൊതു സ്ഥലം മാറ്റത്തിനു അപേക്ഷ നൽകാവുന്നതാണ്. (50%-പേരുടെ സ്ഥലം മാറ്റം ഇത് സംബന്ധിച്ചുള്ള നിലവിലെ ജനറൽ ട്രാൻസ്ഫർ ഗൈഡ് ലൈൻ പ്രകാരം നടത്താവുന്നതാണ്.
   a. നിലനിർത്തേണ്ട ജീവനക്കാരെ നിശ്ചയിക്കുന്നതിനായി സർക്കിൾ തലത്തിൽ ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ അധ്യക്ഷതയിൽ അംഗീകൃത സംഘടനകളുടെ പ്രതിനിധികൾ മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കമ്മിറ്റിയുടെ ശുപാർശ ജനറേഷൻ ചീഫ്എഞ്ചിനീയർ മുഖാന്തിരം ചീഫ്എഞ്ചിനീയർ (എച്ച്..ആർ.എം).നു മുൻകൂട്ടി രേഖാമൂലം സമർപ്പിക്കേണ്ടതാണ്.
2. ഉത്പാദന നിലയങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന് പ്രസ്തുത നിലയങ്ങളിൽ തുടരാൻ സമ്മതമാണെങ്കിൽ / ടിയാന്റെ സേവനം ആവശ്യമെങ്കിൽ ,ടി ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള അപേക്ഷവാങ്ങിക്കൊണ്ടു തുടരാൻ അനുവദിക്കാവുന്നതാണ്.,ഇതിൽ ടിയാന് വർഷത്തിന്റെ പരിധി നിശ്ചയി ക്കേണ്ടതില്ല.എന്നാൽ, 5 വർഷത്തിനു ശേഷം ടിയാൻ പ്രസ്തുത നിലയത്തിൽ തുടരുന്നത് ആ നിലയത്തിലേക്കുള്ള മറ്റൊരു അപേക്ഷകനു അവിടേക്ക് വരുന്നതിന് തടസ്സം വന്നാൽ, ടിയാനെ സ്ഥലം മാറ്റാവുന്നതാണ്.
   a. നിലനിർത്തേണ്ട ഉദ്യോഗസ്ഥരെ നിശ്ചയിക്കുന്നതിനായി സർക്കിൾ തലത്തിൽ ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ അധ്യക്ഷതയിൽ അംഗീകൃത സംഘടനകളുടെ പ്രതിനിധികൾ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കമ്മിറ്റിയുടെ ശുപാർശ ജനറേഷൻ ചീഫ്എഞ്ചിനീയർ മുഖാന്തിരം ചീഫ്എഞ്ചിനീയർ (എച്ച്..ആർ.എം).നു മുൻകൂട്ടി രേഖാമൂലം സമർപ്പിക്കേണ്ടതാണ്.
3. സ്ഥലം മാറ്റം വഴി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരെ ഉത്പാദന നിലയങ്ങളിലെ സാങ്കേതിക പരിജ്ഞാനം, ആരോഗ്യനില, മാനസിക നില, പ്രായം എന്നിവ കൂടി പരിഗണിച്ചു വേണം നിയമിക്കേണ്ടത് . വിരമിക്കുന്നതിനു രണ്ടോ അതിൽ കുറവോ സർവ്വീസ് ഉള്ള ഉദ്യോഗസ്ഥരെ ഉത്പാദന നിലയങ്ങളിൽ , നിയോഗിക്കുവാൻ പാടില്ല.
   a. ഉത്പാദന നിലയങ്ങളിൽ മുൻകാല പ്രവർത്തി പരിചയം ഇല്ലാത്ത ,50 വയസ്സിനു മുകളിലുള്ള ഉദ്യോഗസ്ഥരെ ഉത്പാദന നിലയങ്ങളിൽ ഓപ്പറേറ്റർ /ജൂനിയർഓപ്പറേറ്റർ /ഷിഫ്റ്റ് അസിസ്റ്റന്റ് ആയി നിയമിക്കാൻ പാടില്ല.
   b. അച്ചടക്ക നടപടികളുടെ ഭാഗമായുള്ള സ്ഥലം മാറ്റവും പുനർനിയമനങ്ങളും ശിക്ഷാ നടപടിയുടെ ഭാഗമായി കണ്ട് ഉത്പാദന നിലയങ്ങളിലേക്ക് ആകുവാൻ പാടില്ല..
   c. സ്ഥലം മാറ്റത്തിനു പരിഗണിക്കുമ്പോൾ അപേക്ഷകന്റെ ഒന്നാമത്തെ ചോയ്സ് ഉത്പാദന നിലയത്തിലേക്കാണെങ്കിൽ പ്രസ്തുത ചോയ്സ് തന്നെ അപേക്ഷകനു നൽകേണ്ടതാണ്.
4. പിഎസ്‌സി വഴി പുതിയ നിയമനങ്ങൾ നടത്തുമ്പോൾ അവരെ ഉല്പാദന നിലയങ്ങളിൽ നിയമിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്..
   a. പുതിയ നിയമനങ്ങൾ നടക്കുമ്പോൾ "ലീവ് റിസർവ്" ഉൾപ്പടെ ഒഴിവുള്ള എല്ലാ തസ്തികകളിലും നിയമനം നടത്തേണ്ടതാണ്..

II. സ്ഥാനക്കയറ്റം

1. അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ സേവന കാലയളവിൽ ഉത്പാദന നിലയങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടില്ലാത്തവരെ സ്ഥാനക്കയറ്റം നൽകി ഉത്പാദന മേഖലയിലെ ഒഴിവുകളിൽ നിയമിക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതാണ്..
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് മുൻപ് സേവന കാലയളവിൽ, കുറഞ്ഞത് മൂന്നു വർഷക്കാലം ഉത്പാദന നിലയങ്ങളിൽ ജോലി ചെയ്തിട്ടില്ലെങ്കിൽ സ്ഥാനക്കയറ്റം നൽകി ഉത്പാദന മേഖലയിലെ ഒഴിവുകളിൽ നിയമിക്കുന്നതിന് പ്രഥമ പരിഗനന നൽകേണ്ടതാണ്
3. ഉത്പാദന നിലയങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ ,ടിയാന്റെ സേവനം നിലയത്തിൽ അനിവാര്യമെങ്കിൽ ,പ്രസ്തുത ഉദ്യോഗസ്ഥന്റെ സമ്മതപത്രം വാങ്ങിക്കൊണ്ടു സ്ഥാനക്കയറ്റത്തിന്റെ എല്ലാ ആനുകൂല്യങ്ങളും നൽകി അതതു നിലയങ്ങളിൽത്തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .
   a. സ്ഥാനക്കയറ്റം നൽകുമ്പോൾ നിലനിർത്തേണ്ട ഉദ്യോഗസ്ഥരെ നിശ്ചയിക്കുന്നതിനായി സർക്കിൾ തലത്തിൽ ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ അധ്യക്ഷതയിൽ അംഗീകൃത സംഘടനകളുടെ പ്രതിനിധികൾ മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കമ്മിറ്റിയുടെ ശുപാർശ ജനറേഷൻ ചീഫ്എഞ്ചിനീയർ മുഖാന്തിരം ചീഫ്എഞ്ചിനീയർ (എച്ച്..ആർ.എം).നു മുൻകൂട്ടി രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

III. **ജനറൽ**

1. ഉത്പാദന മേഖലയിലെ "Statutory Training" ലഭിച്ച എൻജിനീയർമാരെ നിർബ്ബന്ധമായും ഉത്പാദന നിലയങ്ങളിൽ നിയമിക്കേണ്ടതാണ്.
    a. "Statutory Training" ലഭിച്ച ശേഷം ഉത്പാദന നിലയങ്ങളിൽ കുറഞ്ഞത് 5 വർഷത്തെ സേവനമനുഷ്ഠിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.
    b. "Statutory Training" ലഭിച്ച ഉദ്യോഗസ്ഥരുടെ ലിസ്റ്റ് ചീഫ് എഞ്ചിനീയർ (എച്ച്..ആർ.എം). ചീഫ് എഞ്ചിനീയർ (ഐ.ടി.)-ക്കു കൈമാറേണ്ടതാതാണ്.
2. ജീവനക്കാരായ ദമ്പതികൾക്ക്, കുറഞ്ഞത് 5 വർഷമെങ്കിലും ഒരു നിലയത്തിൽ തുടരുന്നതിന് അവരുടെ സമ്മത പ്രകാരം ,അനുവദിക്കാവുന്നതാണ്.

ഒപ്പ്/-
ഡയറക്ടർ (ജി-ഇ.& എസ്.സി.എം)

DESPATCHED
No.........................
Date.......................